പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.444 | 06.03.2012 ൽ മറുപടിയ്ക്ക് |
| സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെപങ്കാളിത്തം | |
| ചോദ്യം | മറുപടി |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ.മുരളീധരൻ | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ പങ്കാളിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ)സംസ്ഥാനത്ത് അവശതയും കഷ്ടപ്പാടും അനുഭവിക്കുന്ന ജന വിഭാഗങ്ങൾക്ക് ആശ്വാസമരുളുന്ന ക്ഷേമപ്രവർത്തനങ്ങൾ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ക്ഷേമ പ്രവർത്തനങ്ങളുടെആലോചനായോഗം മുതൽ അവസാനംവരെയുള്ള പ്രവർത്തനങ്ങളിൽ അതാതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെകൂടി ഉൾക്കൊള്ളിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. സുരക്ഷാമിഷന്റെ പദ്ധതികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൂടുതൽ പങ്കാളികളാക്കുന്നതിലേക്കായി തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും മിഷന് സംഭാവന നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽപങ്കാളിത്തം വഹിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുമോ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന എല്ലാ ജീവകാരുണ്യ പ്രവർ ത്തനങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (സി)കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഫണ്ട് ശേഖര ണാർത്ഥം ആരംഭിച്ചിട്ടുള്ള സ്റ്റാമ്പ് |

| | |
|---|---|
| | വിൽപ്പനയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും പങ്കാളിത്തവും ഉറപ്പാക്കാൻ സർക്കാർ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൈകല്യ നിർണ്ണയ ക്യാമ്പ് , ആശ്വാ സകിരണം എന്നീപദ്ധതികളുടെ നടത്തിപ്പിലും ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട വിഷയ ങ്ങളിലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ കാര്യമായ പങ്കാളിത്തം ഉണ്ടാകാറുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ.